ശ്രീ. പി. ടി. ചാക്കോ: ഇതിൽ (ബി)-യും,(സി)-യും ചോദ്യങ്ങൾതന്നെ അതാണ്. സപ്ലൈവ്കമായി ഉത്തരം ലഭിക്കേണ്ടതാണ്.

ശ്രീ. സി. അച്യുതമേനോൻ: അതിനു ഞാൻ ഇത്തരം പറഞ്ഞുകഴിഞ്ഞു; പോലീസ് അക്രമസരിച്ചും ഗ്യാംബ്ലിംഗ് അക്രമസരിച്ചും കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ടെന്നും പോലീസ് പെട്രോൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും.

ശ്രീ. പി. ടി. ചാക്കോ: പഴയതിൽനിന്നും ഈ ശബ്ദം, കൂടിവരുന്നു എന്നറിയാമോ എന്നാണ് ചോദ്യം.

ശ്രീ. സി. അച്യുതമേനോൻ: അതിനെപ്പറ്റി പരാതി കിട്ടിയിട്ടില്ല.

ശ്രീ. സി. എ. മാത്യു: പോലീസ്മന്ത്രി നേരിട്ട് എറണാകുളത്തു പെട്രോൾ നടത്തി ചില കേസ്സുകൾ പിടിച്ചിട്ടും പരാതി കിട്ടിയിട്ടില്ലെന്നാണോ പറയുന്നത്?

ശ്രീ. സി. അച്യുതമേനോൻ: മന്ത്രി പെട്രോൾ നടത്തിയതായി അറിവില്ല.

തൃശ്ശൂർ വാട്ടർസപ്ലൈ സ്കീം.

* 1495. [6] ശ്രീ. പി. ആർ. ഫ്രാൻസിസ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തൃശ്ശൂർ വാട്ടർസപ്ലൈ സ്കീമിന്റെ പണി എന്നുമുതൽ ആരംഭിച്ചു;

(ബി) ഈ സ്കീമിന്റെ പ്രവർത്തനം ഇപ്പോൾ എത്രത്തോളമായി;

(സി) പ്രവർത്തനം മുഴുമിച്ച് തൃശ്ശൂർനിവാസികൾക്ക് എന്നുമുതൽ വെള്ളം ലഭിക്കും?

ആരോഗ്യവകുപ്പുമന്ത്രി (ഡാ: എ. ആർ മേനോൻ):

(എ) 1955 മേയ്.

(ബി) പൈപ്പുകൾ ഇടുന്ന പ്രവൃത്തിയൊഴികെ മറ്റുള്ള ജോലികളെല്ലാം പൂർത്തിയായി. പൈപ്പുകൾ ഇടുന്ന ജോലിയുടെ മൂന്നിലൊരുഭാഗം പൂർത്തിയായി.

(സി) 1960-ൽ കൊടുക്കാമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. പി. ആർ. ഫ്രാൻസിസ്സ്: നാലുമാസംമുൻപ് ഞാൻ ഈ ചോദ്യം ചോദിച്ചപ്പോൾ പൂരത്തിനു മുൻപ് പണിതീരുമെന്നു പറഞ്ഞു. വെള്ളം കിട്ടാതെ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നതായി അറിയാമോ?

ഡാ: എ. ആർ. മേനോൻ: ബുദ്ധിമുട്ടുണ്ടെന്നറിയാം. വെള്ളം അവിടെ എത്തിക്കാൻ ബുദ്ധിമുട്ടുണ്ട്. വേണ്ടതു ചെയ്യുന്നുണ്ട്. അടുത്തകാലത്തു് വെള്ളം കിട്ടും. മറുപടി ഇല്ല; സാമാനങ്ങൾ കിട്ടുന്നില്ല. കൂടിയുള്ളതു കൂടി വെള്ളം കൊണ്ടുവരണം. ഇതെല്ലാം ശ്രദ്ധിച്ചു് തൃശ്ശൂർ പൂരത്തിനുമുൻപു് ജലം കൊടുക്കാൻ വളരെ ശ്രമം ചെയ്യുന്നു; കഴിയുന്നത്രവേഗം ജോലികൾ തീർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. എ. മാത്യു: അടുത്തകൊല്ലം തൃശ്ശൂർപൂരത്തിനുമുൻപു് വെള്ളം കിട്ടുമോ?

ഡാ: എ. ആർ. മേനോൻ: ചിലപ്പോൾ സാധിച്ചേക്കും. വിചാരിക്കുന്ന കാര്യങ്ങളെല്ലാം അതുപോലെതന്നെ സാധിച്ചു എന്നുവരില്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ: അവിടെ വാട്ടർസപ്ലൈ പുതിയതായി കൊണ്ടു് അവിടത്തെ എം. എൽ. എ.-യുടെ പേരിൽ അവിശ്വാസം രേഖപ്പെടുത്തുന്നതിനു് ഒപ്പുശേഖരണം നടത്തുന്നതായി അറിയാമോ?

ഡാ: ഏ ആർ. മേനോൻ: എന്തെല്ലാം കാര്യങ്ങൾക്കു് എവിടെയെല്ലാം ഒപ്പുശേഖരണം നടത്തുന്നു; അതുകൊണ്ടെന്താണു് വിശേഷമില്ല.

കുഷ്ഠരോഗികൾ.

* 1496. [7] ശ്രീ. ആർ. ദാമോദരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റിൽ കുഷ്ഠരോഗികൾ എത്രയുണ്ടെന്നു് കണക്കെടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര;

(ബി) അവരെ ചികിൽസിപ്പിക്കുന്നതിനു് എന്തെല്ലാം ഏർപ്പാടുകൾ ഉണ്ടു്; എവിടെയെല്ലാം?

ആരോഗ്യവകുപ്പുമന്ത്രി (ഡാ: ഏ. ആർ. മേനോൻ):

(എ) കുഷ്ഠരോഗികളുടെ ശരിയായ എണ്ണം എടുത്തിട്ടില്ല. അവിടവിടെയായി സർവ്വെ നടത്തിയതിൽ സ്റ്റേറ്റിൽ ഏകദേശം ഒന്നരലക്ഷം കുഷ്ഠരോഗികൾ ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) നൂറനാടും കൊരട്ടിയിലും ഓരോ കുഷ്ഠരോഗാശുപത്രി ഉണ്ടു്. അവിടെ മൊത്തം 1,180 കിടക്കകൾ ഉണ്ടു്. കൂടാതെ കായംകുളം, പാറപ്പള്ളി, പൊന്നാനി എന്നീ സ്ഥലങ്ങളിൽ ഗവണ്മെൻറ് ക്ലിനിക്കുകൾ ഉണ്ടു്. മാരാരിക്കുളം, ചേർത്തല, പുത്തൻകുരിശു്, വളപട്ടണം എന്നീ സ്ഥലങ്ങളിൽ ഗവണ്മെൻറിന്റെ സഹായത്തോടുകൂടി നടത്തുന്ന ശുശ്രൂഷാകേന്ദ്രങ്ങൾ ഉണ്ടു്.

ശ്രീ. ആർ. ദാമോദരൻ നായർ: ഇത്രയും കുഷ്ഠരോഗികൾ നാട്ടിന്റെ നാനാഭാഗങ്ങളിലും അലഞ്ഞുതിരിഞ്ഞു രോഗം പകർത്താനിടയാക്കാതെ ഏതെങ്കിലും പ്രത്യേക സ്ഥലത്തു് പാർപ്പിക്കാൻ ഏർപ്പാടുചെയ്യുമോ?

ഡാ: ഏ. ആർ. മേനോൻ: അതിനു് ഏകദേശം ഒരുകോടി രൂ. വേണ്ടിവരും. ഏതെങ്കിലും ഫണ്ടു കിട്ടുകയാണെങ്കിൽ നോക്കാം.

ശ്രീ. കെ. സി. ഏബ്രഹാം: ബസ്സ് സ്റ്റാൻഡിലും ബോട്ടുജെട്ടിയിലും അലഞ്ഞുനടക്കുന്ന കുഷ്ഠരോഗികളെ പിടിച്ചുകൊണ്ടുപോകാൻ ഏർപ്പാടുചെയ്യുമോ?

ഡാ: ഏ. ആർ. മേനോൻ: അതു് എന്റെ ഡിപ്പാർട്ടുമെൻറിന്റെ ജോലിയല്ല.

ശ്രീ പി. ടി. ചാക്കോ: ഗവണ്മെൻറിനോടു് ചോദിക്കുകയാണു്. അതു് ഏതു ഡിപ്പാർട്ടുമെൻറിന്റെ കീഴിലാണെന്ന കാര്യം ഞങ്ങൾക്കറിയേണ്ട.

LIBRARY ARCHIVES Kerala Legislative Assembly